**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ റൈസ് മില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെൽകർഷകരെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിട്ട് രൂപീകരിച്ച സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ നെൽകർഷകരെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിട്ട് പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് പാലക്കാട് ജില്ല പ്രവർത്തന പരിധിയായിക്കൊണ്ട് 'പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പേറേറ്റീവ് സൊസൈറ്റി ലി. നമ്പർ പി-1449' **(PAPCOS)** എന്ന സഹകരണ സംഘവും കൂടാതെ പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യുർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 **(KAPCOS)** എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. മേൽ രണ്ട് സംഘങ്ങളുടെയും ഇതുവരെയുള്ള പ്രവർത്തനം ചുവടെ ചേർക്കുന്നു.<br><br>**'പാലക്കാട് പാഡി പ്രോക്യുർമെൻറ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പേറേറ്റീവ് സൊസൈറ്റി ലി.നമ്പർ പി-1449' (PAPCOS)**<br><br>• 01.07.2019 ന് സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണ സമിതി നിലവിൽ വന്നു.<br>• നിലവിൽ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്.<br>• സർക്കാർ ഓഹരി മൂലധനം ഒരു കോടിയും സബ്സിഡിയായി ഒരു കോടിയും അനുവദിച്ചിട്ടുണ്ട്.<br>• അംഗങ്ങളിൽ നിന്നും ഓഹരി മൂലധനം 137000000/- (പതിമൂന്ന് കോടി എഴുപതു ലക്ഷം ) രൂപ സമാഹരിച്ചിട്ടുണ്ട്. |

- 16/07/2019 ന് മോഡേൺ റൈസ് മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 63618000/-(ആറു കോടി മുപ്പത്തി ആറു ലക്ഷത്തി പതിനെട്ടായിരം) രൂപക്ക് സംഘത്തിന്റെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്
- മോഡേൺ റൈസ് മിൽ പദ്ധതിയുടെ സാങ്കേതികപരമായ കാര്യങ്ങളെകുറിച്ച് അവലോകനം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 11 അംഗ ടെക്നിക്കൽ കമ്മിറ്റിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്
- സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 16-07-2020 ന് ഓൺലൈൻ ആയി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ നിർവഹിച്ചു.
- സംഘത്തിന്റെ ഹെഡ് ഓഫീസ് പാലക്കാട് പ്രവർത്തിച്ചു വരുന്നു
- പദ്ധതിയെ സഹകരണ ഉൽപ്പന്ന ഔട്ട് ലെറ്റുകളുടെ പേരായ coopmart എന്ന ട്രേഡ് നെയിമിനും 1999 ലെ ട്രേഡ് മാർക്ക് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രാറിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.
- റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും, മേൽ നോട്ടം വഹിക്കുന്നതിനും NABARD ന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- സംഘത്തിന്റെ പദ്ധതി പ്രദേശത്തെക്കുള്ള 500 മീറ്റർ അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇ-ടെണ്ടർ നടപടി പൂർത്തിയാക്കി കൊണ്ട് 16-1-2021 ന് ആരംഭിച്ച് 11200000/-(ഒരു കോടി 12 ലക്ഷം രൂപ) ചെലവ് ചെയ്തു കോൺക്രീറ്റ് റോഡ് നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട് .
- സംഘത്തിന്റെ പദ്ധതിയുടെ ഇ-ടെണ്ടർ 18-11-2020 മുതൽ മൂന്ന് തവണ നടത്തി. എന്നാൽ മതിയായ യോഗ്യതയുള്ള കമ്പനിയെ ലഭിക്കാത്തതു കൊണ്ട് പ്രസ്തുത ടെണ്ടർ നടപടികളെല്ലാം റദ്ദു ചെയ്തുകൊണ്ട് പുതിയ ടെണ്ടർ വിളിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചുട്ടുള്ളതാണ്.

| | | | |
|---|---|---|---|
| | | | • പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനായി 2022-2023 ലെ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് NABCONSനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS)</u>**<br><br>• പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് 27.08.2021-ൽ കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്തു.<br>• 30.09.2021-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് തുടർ നടപടി ആരംഭിച്ചുവരുന്നു. |
| (ബി) | നെല്ല് സംഭരണത്തിനും നെല്ല് അരിയാക്കി ബ്രാൻഡു ചെയ്ത് വിൽക്കുന്നതിനും സംഘം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മേൽ പ്രകാരമുള്ള നടപടികൾ അല്ലാതെ നെല്ല് സംഭരണത്തിനും നെല്ല് അരിയാക്കി ബ്രാൻഡു ചെയ്തു വിൽക്കുന്നതിനും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ